"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - എൻ.ഐ.സി വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേനയുള്ള സ്പാർക്ക് ബന്ധിത ബയോമെടിക്ക് പഞ്ചിംഗ് സംവിധാനം സംസ്ഥാനത്ത് മെഷീനുകൾ സ്ഥാപിക്കാത്ത എല്ലാ ഓഫീസുകളിലും നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.2021/2025/GAD തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-
1) സ.ഉ.(കൈ) നം.108/2018/പൊഭവ തീയതി 18.05.2018
2) സ.ഉ.(സാധ) നം.192/2020/പൊഭവ തീയതി 13.01.2020
3) സ.ഉ.(സാധ) നം.3253/2023/പൊഭവ തീയതി 14.07.2023
4) സ.ഉ.(സാധ) നം.3589/2024/പൊഭവ തീയതി 09.08.2024
5) സ.ഉ.(സാധ) നം.3899/2024/പൊഭവ തീയതി 02.09.2024
6) സ.ഉ.(സാധ) നം.4191/2024/പൊഭവ തീയതി 21.09.2024
7) 17.02.2025 ലെ സി.ഡി.എൻ4/146/2024/പൊഭവ നമ്പർ സർക്കുലർ

**<u>ഉത്തരവ്</u>**

ആധാർ അധിഷ്ഠിത സ്പാർക്ക് ബന്ധിത ബയോമെടിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിച്ച മെഷീനുകളിൽ L0 അടിസ്ഥാനമാക്കിയിട്ടുള്ള സെൻസറുകളാണ് സ്ഥാപിച്ചിരിക്കുന്നത്. എന്നാൽ ആധാർ അധിഷ്ഠിത ബയോമെടിക് പഞ്ചിംഗ് സംവിധാനത്തിന്റെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ഡിവൈസുകളും L1 അടിസ്ഥാനമാക്കിയിട്ടുള്ള സെൻസറുകളിലേയ്ക്ക് മാറ്റുവാൻ Unique Identification Authority of India (UIDAI) നിർദ്ദേശിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ആധാർ അധിഷ്ഠിത ബയോമെടിക് പഞ്ചിംഗ് സംവിധാനത്തിലെ എല്ലാ ഡിവൈസുകളും L1 അടിസ്ഥാനമാക്കിയതിലേയ്ക്ക് മാറ്റുന്നത് വരെ ഒരു താത്ക്കാലിക സംവിധാനമെന്ന നിലയിൽ എൻ.ഐ.സി വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേന പഞ്ചിംഗ് രേഖപ്പെടുത്തുന്ന സംവിധാനം മെഷീനുകൾ സ്ഥാപിച്ച ഓഫീസുകളിൽ നടപ്പിലാക്കിക്കൊണ്ടും ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും പരാമർശിത ഉത്തരവുകൾ പുറപ്പെടുവിക്കുകയുണ്ടായി.

2. എൻ.ഐ.സി വികസിപ്പിച്ചെടുത്ത ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേന പഞ്ചിംഗ് രേഖപ്പെടുത്തുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ ഓഫീസുകളിൽ സുഗമമായി പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ പുതുതായി ഇനി പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കാനുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കൂടി ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ ആപ്ലിക്കേഷൻ മുഖേന പഞ്ചിംഗ്

രേഖപ്പെടുത്തുന്ന സംവിധാനം നടപ്പിലാക്കുവാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഇതിനുള്ള സാങ്കേതിക സഹായങ്ങൾക്ക് നാഷണൽ ഇൻഫൊർമാറ്റിക്സ് സെന്റർ (NIC), കേരള സ്റ്റേറ്റ് ഐ.റ്റി മിഷൻ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെടാവുന്നതാണ്.
- സ്പാർക്ക് മുഖേന ശമ്പള ബിൽ തയ്യാറാക്കുന്നതും മെഷീനുകൾ ഇതുവരെ സ്ഥാപിച്ചിട്ടില്ലാത്തതുമായ എല്ലാ ഓഫീസുകളും ടി സംവിധാനം അടിയന്തരമായി നടപ്പിൽ വരുത്തി സ്പാർക്കുമായി ബന്ധിപ്പിക്കേണ്ടതാണ്. ഇതിനുള്ള പൂർണ്ണ ഉത്തരവാദിത്വം അതാത് വകുപ്പ് മേധാവിയ്ക്കായിരിക്കും.
- നിലവിൽ മെഷീനുകൾ സ്ഥാപിച്ചിട്ടുള്ള ഓഫീസുകൾക്ക് ആയത് പ്രവർത്തനരഹിതമാകുന്നതുവരെ ഉപയോഗിക്കാവുന്നതാണ്. അതോടൊപ്പം ആവശ്യമെങ്കിൽ ഫെയ്സ് റെക്കഗ്നിഷൻ മൊബൈൽ അപ്ലിക്കേഷൻ കൂടി ഉപയോഗപ്പെടുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

അഡിഷണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ മേധാവികൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം

ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഐ.റ്റി മിഷൻ, വൃന്ദാവൻ ഗാർഡൻസ്, പട്ടം.പി.ഒ, തിരുവനന്തപുരം

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

സീനിയർ ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സ്റ്റേറ്റ് സെന്റർ, ബിൽഡിംഗ്, വെള്ളയമ്പലം,തിരുവനന്തപുരം.

മാനേജർ, സ്പാർക്ക്, പിഎം.യു ഓഫീസ്, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്റിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം - 695 001

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്

(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sabu T K

Date: 09-05-2025 11:11:37